കേരള സർക്കാർ

# വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി1)2050/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in

ജോയന്റ് ഡയറക്ടർ

തീയതി : 15.12.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടവുകോട്പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വടവുകോട്പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യ വസ്ഥകൾ പ്രകാരം വടവുകോട്പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2015-16 എന്നീ സാമ്പത്തികവർഷങ്ങളിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലെക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം(പി1)2050/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in

തീയതി : 15.12.2016

## എറണാകുളംജില്ലയിലെ വടവുകോട്പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടവുകോട്പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.01.2015 മുതൽ 22.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി. സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.11.2016 മുതൽ 23.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.മിനു പി.കെ., ഓഡിറ്റ് ഓഫീസർ |
| | ശ്രീ. റഷീദ്.സി.എം. , അസി. ഓഡിറ്റ് ഓഫീസർ, |
| | ശ്രീ. വിജു.എം.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ, |

| | |
|---|---|
| | ശ്രീമതി. മേഴ്സി.കെ.പി., ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി. രമ സാജു | 1.4.2015 | 31.10.2015 |
| | ശ്രീ. പി.കെ.വേലായുധൻ | 19.11.2015 | 31.3.2016 |
| വൈസ് പ്രസിഡന്റ് | ശ്രീ.മത്തായി കെ.വി. | 1.4.2015 | 31.10.2015 |
| | ശ്രീമതി. അംബിക നന്ദനൻ | 19.11.2015 | 31.3.2016 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീമതി.കുഞ്ഞമ്മ മത്തായി | 1.4.2015 | 31.10.2015 |
| | ശ്രീ. വിശാഖ്. കെ.പി. | 04.12.2015 | 31.3.2016 |
| ക്ഷേമകാര്യം | ശ്രീ.എം.പി.ഓമനക്കുട്ടൻ | 1.4.2015 | 31.10.2015 |
| | ശ്രീമതി. സോഫി ഐസക് | 04.12.2015 | 31.3.2016 |
| വിദ്യാഭ്യാസം & ആരോഗ്യ കാര്യം | ശ്രീമതി.മഞ്ജു വിജയധരൻ | 01.04.2015 | 31.10.2015 |
| | ശ്രീ. റ്റി.കെ.പോൾ | 04.12.2015 | 31.3.2016 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ.ഷാജി എ.വി. | 01.04.2015 | 31.3.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.മീര എൻ. മേനോൻ | 01.04.2015 | 25.07.2015 |
| | ശ്രീ.ഷാജിമോൻകാവു | 26.07.2015 | 16.8.2015 |
| | ശ്രീമതി. പ്രീതി.എം.ബി | 17.08.2015 | 29.09.2015 |
| | ശ്രീ.ഷാജിമോൻകാവു | 30.09.2015 | 31.3.2016 |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ.സാജു കെ.സി. | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ദീപ്തി എം.യു. | 01.04.2015 | 01.07.2015 |
| | ഡോ. ഉമാ മഹേശ്വരി | 02.07.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ആഷ വിജയൻ | 01.04.2015 | 01.06.2015 |
| | ഡോ.സുജ അലോഷ്യസ് | 02.06.2015 | 31.03.2016 |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ടി.പി.പരമേശ്വരൻ | 01.04.2015 | 31.03.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സൂസൺ കെ.എം | 1.4.2015 | 8.6.2015 |
| | ശ്രീമതി.ബീന ടി.ആർ | 9.6.2015 | 31.3.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , വടവു കോട് | ശ്രീ. രാകേഷ് ആർ. നായർ | 01.04.2015 | 31.3.2016 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ, അമ്പലമേട് | ശ്രീമതി.ബിന്ദു മോൾ ടി. | 1.4.2015 | 31.03.2015 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ, | ശ്രീ. രാകേഷ് ആർ. നായർ (അധിക ചുമതല) | 01.04.2015 | 26.8.2015 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ, പുത്തൻകുരിശ് | ശ്രീമതി. മീര നമ്പൂതിരി | 27.8.2015 | 31.3.2016 |
| ഹെഡ് മിസ്ട്രസ്, GLPS | വൽസ | 01.04.2015 | 27.8.2015 |
| | ജാൻസി ലൂക്കോസ് | 28.8.2015 | 31.3.2016 |
| വെറ്ററിനറി സർജൻ | ഡോ.ഷാജു എൻ.കെ. | 1.4.2015 | 31.3.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ദിവ്യ ഭൂപേഷ് | 1.4.2015 | 31.3.2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഷൈമ ജെ. | 01.04.2015 | 31.03.2016 |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം - 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | മമൊബൈൽ ടവറുകളുടെ കെട്ടിട നികുതി ഈടാക്കുന്നില്ല. നഷ്ടം 36000/- | 2-1 | |
| 13 | ലക്ഷ്വറി ടാക്സ് ഈടാക്കിയിട്ടില്ല | 2-2 | |
| 14 | വക്കീൽ ഫീസിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല. നഷ്ടം 6000/ | 2-3 (1) | |
| 15 | ആദായനികുതി ഈടാക്കിയില്ല -നഷ്ടം 3000/-രൂപ | 2-3 (2) | |
| 16 | തൊഴിൽ നികുതി 2690/- രൂപ ഈടാക്കണം | 2-4 | |
| 17 | സാംഖ്യ രസീത് -രേഖപ്പെടുത്തൽ സുതാര്യമല്ല. അപാകത | 2-5 | |

| | | | |
|---|---|---|---|
| 18 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-6 | |
| 19 | ബിൽഡിംഗ് പെർമിറ്റ് ഇല്ലാതെ നിർമ്മാണം -<br>നടപടി സ്വീകരിച്ചില്ല | 2-7 | |
| 20 | തൊഴിൽ നികുതി, സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയില്ല. | 2-8 | |
| 21 | ഓഡിറ്റ് ഇംപാക്റ്റ് | 2-9 | |
| | ഭാഗം - 3 | | |
| 22 | സബ്സിഡി മാർഗ്ഗരേഖാ ലംഘനം – 75000 രൂപ നഷ്ടം | 3-1 | |
| 23 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - 276391 രൂപയുടെ ചെലവ് തടസ്സപ്പെയുത്തുന്നു | 3-2 | |
| 24 | ലാപ്പ് ടോപ്പ് വിതരണം - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത -203400 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . | 3-3 | |
| 25 | കിടാരി വിതരണം - ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാ ലംഘിച്ച് സബ്സിഡി നൽകി - 10000/- രൂപ തടസ്സപ്പെടുത്തുന്നു . | 3-4 | |
| 26 | ബിറ്റുമിന്റെ വില വ്യത്യാസം മരാമത്ത് പ്രവൃത്തികളുടെ<br>ബില്ലിൽ നിന്നും കുറയ്ക്കുന്നില്ല. | 3-5 | |
| 27 | റോഡ് നിർമ്മാണ പ്രൊജക്ട് നിർവ്വഹണം നടന്നില്ല – 1404855 രൂപ നഷ്ട പരിഹാരം നൽകി | 3-6 | |

| | | | |
|---|---|---|---|
| 28 | മരുന്നു വാങ്ങൽ പദ്ധതി - 53532 രൂപയുടെ മരുന്നു ലഭ്യമായില്ല. | 3-7 | |
| 29 | പാലിയേറ്റീവ് കെയർ - വാഹന ഉപയോഗത്തിലെ അപാകതകൾ | 3-8 | |
| 30 | പത്രപരസ്യം ഏജൻസി വഴി നൽകി , ഡിസ്കൗണ്ട് ലഭ്യമാക്കുന്നില്ല . | 3-9 | |
| 31 | മീഡിയ ശ്രീ - ചെലവ് വിവരം ലഭ്യമല്ല | 3-10 | |
| 32 | വെള്ളക്കരം ഇനത്തിൽ ഭീമമായ തുക പഞ്ചായത്തിൻ നിന്നും അനുവദിക്കുന്നു. | 3-11 | |
| 33 | കൺവീനർ വർക്കുകളിൽ ചെലവ് രേഖകൾ സൂക്ഷിക്കുന്നില്ല. | 3-12 | |
| | ഭാഗം - 4 | | |
| 34 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |

| | | | |
|---|---|---|---|
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2013-14 | അനുബന്ധം.1 | |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2014-15 | അനുബന്ധം.2 | |
| 45 | ബാലൻസ് ഷീറ്റ് 2013-14 | അനുബന്ധം.3 | |
| 46 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2013-14 | അനുബന്ധം.4 | |
| 47 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2013-14 | അനുബന്ധം.5 | |
| 48 | ബാലൻസ് ഷീറ്റ് 2014-15 | അനുബന്ധം.6 | |
| 49 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.7 | |
| 50 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.8 | |

## ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 04.03.2015 തിയതിയിലെ 1(1)-ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 15.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റിന്റെ ഭാഗമായി ധനകാര്യ പത്രിക പരിശോധിച്ചു. അപാകതകൾ ഒന്നും ഇല്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് ആനുബന്ധം 1 ആയി ഉൽപ്പെടുത്തിയിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 54818774 |
| വരവ് | 65300098 |
| ആകെ | 120118872 |
| ചെലവ് | 104813245 |
| നീക്കിയിരിപ്പ് | 15305627 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻ വർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് T.C | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1507249 | 7996647 | (+)9807059 | 19310955 | 19310955 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 7542033 | 1605089 | (-)7223911 | 8829000 | 8829000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 236454 | 105546 | (-)186454 | 528454 | 528454 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 1057441 | 7260000 | 0 | 8317441 | 8317441 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1147600 | 1733000 | 0 | 2880600 | 2880600 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 936283 | 838706 | (-)2396694 | 4171683 | 4171683 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 28058 | 287245 | 0 | 315303 | 314300 | 1003 | |
| ബി ഫണ്ട് | 0 | 20906400 | | 20906400 | 20906400 | 0 | 100 |

( പഞ്ചായത്തിന്റെ ACR ൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളാണ് ഈ കണക്കുകൾക്ക് അടിസ്ഥാനം) വികസന ഫണ്ട് -പൊതു വിഭാഗം മുന്നിരുപ്പിൽ ജില്ലാപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത്, എന്നിവയിൽ നിന്ന് ലഭിച്ച തുകകളിൽ ചെലവഴിക്കാൻ ബാക്കിയുണ്ടായിരുന്ന 212740 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 293 | 115682576 | 163 | 50949132 | 15 | 115 | 56 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 63%ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 43422675 | 16748134 | 26475538 | - 61.25 % |
| നികുതിയേതര വരവുകൾ | 3920462 | 3709590 | 492955 | +14.78 % |
| മറ്റുവരവുകൾ | 935306 | 298960 | 623641 | - 66.67 % |
| ആകെ | 48278443 | 20887139 | 27592134 | 63% |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | 2015-16 | |
|---|---|---|
| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 99840 | 66 |
| കർഷകതൊഴിലാളി വേതനം | 3150300 | 339 |
| വിധവാപെൻഷൻ | 9646400 | 847 |
| വാർദ്ധക്യകാലപെൻഷൻ | 5578020 | 643 |
| വികലാംഗപെൻഷൻ | 1986080 | 188 |
| അവിവാഹിതകൾക്കുള്ള പെൻഷൻ | 439760 | 38 |
| വിവാഹധനസഹായം | 60000 | 2 |
| ആകെ | 20960400 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2016 ന് സ്ഥാപന സെക്രട്ടറിയുടെ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9292/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിനുള്ള അപേക്ഷ ഫോറത്തിൽ ബന്ധപ്പെട്ട കോളങ്ങൾ പലതും പൂരിപ്പിക്കാതെയാണ് അപേക്ഷകർക്ക് ലൈസൻസ് അനുവദിക്കുന്നത്. ഉദാഹരണമായി ക്രമ. നം. 14 ൽ ലൈസൻസ് ആവശ്യമായ സ്ഥലത്തിന്റെ അതിരുകൾ, സ്ഥല വിസ്തീർണ്ണം, ക്രമ.നം. 15 ൽ ലൈസൻസ് ആവശ്യമായ സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം എന്നീ പ്രധാനപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്താതെ സമർപ്പിച്ച അപേക്ഷകൾക്ക് ലൈസൻസ് നല്കിയിട്ടുണ്ട്. ഉദാ. 15-16 ലെ ലൈസൻസ് അപേക്ഷ നം. 151,153,154,155,156,157 എന്നിവ. അപേക്ഷ ഫോറം വ്യക്തമായുംപൂർണ്ണമായും പൂരിപ്പിച്ചതിനു ശേഷമേ ലൈസൻസ് അനുവദിക്കാവൂ. വസ്തു നികുതി ഈടാക്കുമ്പോൾ ആയതിന്റെ രസീത് നമ്പർ, തീയതി എന്നിവ ബന്ധപ്പെട്ട രജിസ്റ്ററിന്റെ കോളങ്ങളിൽ എഴുതി സൂക്ഷിച്ചാൽ ഓഡിറ്റ് പരിശോധനവേളയിൽ ഫയലുകളുടെ നിരീക്ഷണവും ഓഡിറ്റും കുറ്റമറ്റതാക്കുവാൻ സഹായിക്കും. പഞ്ചായത്ത് നല്കിയിട്ടുള്ള പത്രപരസ്യങ്ങൾക്ക് ലഭിക്കേണ്ടതായ 15% കുറവ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. D & O ലൈസൻസ് നല്കിയിട്ടുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി വരവ് വന്നിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 24.10.2016 | 30.09.2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.07.2007 2006-07 | 2006-07 വരെ | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ കെട്ടിട നികുതി ഈടാക്കുന്നില്ല. നഷ്ടം 36000/-

2015-16 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിശദ വിവരം ആവശ്യപ്പെട്ട് 18.11.2016 ൽ അന്വേഷണക്കുറിപ്പ് നം. 5 കൊടുത്തതിന് ലഭിച്ച മറുപടിയിൽ വടവ്കോട്-പുത്തൻക്കുരിശ് ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 5 മൊബൈൽ ടവറുകളാണ് ഉള്ളത് എന്നും, ഇതിൽ പഞ്ചായത്ത് കെട്ടിട നികുതി നിർണ്ണയം നടത്തിയത് 5 എണ്ണം ആണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. 23.03.2011 ൽ 3(1) കമ്മറ്റി തീരുമാനപ്രകാരം ചതുരശ്ര മീറ്ററിന് 500 രൂപ നിരക്കിൽ ഈടാക്കുവാൻ തീരുമാനിച്ചെങ്കിലും ഗ്രാമ പഞ്ചായത്തിൽ സ്ഥല പരിശോധന നടത്തി കെട്ടിട നികുതി നിർണ്ണയം നടത്തിയിട്ടില്ല. ആയതി- നാൽ ഈയിനത്തിൽ പഞ്ചായത്തിന് നിർണ്ണയം നടത്തിയതിൽ 2015-16 വർഷത്തിൽ രണ്ടെണ്ണത്തിന്റെ നികുതി പിരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം. | മൊബൈൽ ടവർ/ കെട്ടിട നം /വിസ്തീർണ്ണം | നിർണ്ണയം നടത്തിയ വർഷം . | കുടിശ്ശിക വരുത്തിയ വർഷം മുതൽ 400 രൂപനിരക്കിൽ നികുതി നിർണ്ണയിക്കുന്നു | റിമാർക്സ്. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് 2/152. F/8 ച.മീ. | 2012-13 | 2013-14 മുതൽ 2015-16 വരെ<br>3*8*400=9600 | 9600 |
| 2 | റിലയൻസ്. ഇൻഫോ.കോ.ലിമിറ്റഡ്<br>8/612/9ച.മീ. | 2012-13 | 2013-14 മുതൽ 2015-16 വരെ<br>3*9*400 =10800 | 10800 |
| 3 | എംഎസ്.എസ്കോട്ടൽ<br>(ഐഡിയ)08/1088 /3ച.മീ. | 2010-11 | 2012-13 മുതൽ 2015-16 വരെ<br>4*3*400=4800 | 4800 |
| 4 | എയർടെൽ ഡിഷ്നെറ്റ്വയർലെസ് ലിമ്റ്റഡ്.16/256 /9ച.മീ. | 2012-13 | 2012-13 മുതൽ 2015-16 വരെ<br>3*9*400 =10800 | 10800 |
| 5 | ഇൻഡസ് ടവേഴ്സ് ലി. 14 /738 A/10 ച.മീ. | 2016-17- | | 2016-17 വർഷം ഈടാക്കി<br>- |
| ആകെ | | | | 36000 |

തനത് വരുമാനം കുറവുള്ള ഈ പഞ്ചായത്തിൽ വസ്തു നികുതി കൃത്യമായി ഈടാക്കാത്തത് വലിയ അപാകതയാണ്. പഞ്ചായത്ത് ഇറക്കിയിട്ടുള്ള വിജ്ഞാപനപ്രകാരം മൊബൈൽ ടവറുകളുടെ വസ്തു നികുതി ച.മീ.ന് 400/-രൂപയാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളുടേയും കണക്ക് എടുക്കുവാനും നാളിതുവരെ നികുതി നിർണ്ണയം നടത്താത്തത് നിർണ്ണയം നടത്തുവാനും നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിന് വസ്തു നികുതി പുനർ നിർണ്ണയിക്കാനും ആയത് യഥാസമയം പിരിച്ചെടുക്കാനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. 2015-16വർഷം മൊബൈൽ ടവറുകളിൽ നിന്നും ഈടാക്കാത്ത 36000/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-2 ലക്ഷ്വറി ടാക്സ് ഈടാക്കിയിട്ടില്ല

1976 ലെ കേരള ടാക്ക്സ് ഓൺ ലക്ഷ്വറീസ് നിയമം വകുപ്പ് 32 പ്രകാരം കൺവൻഷൻ സെന്റർ, ഹാൾ, കല്ല്യാണ മണ്ഡപം, ഓഡിറ്റോറിയം തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ച് 7ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതും പ്രസ്തുത സ്ഥാപനങ്ങളിൽ നടക്കുന്ന ഓരോ പരിപാടിക്കും വാങ്ങുന്ന 3000/-രൂപ മുതൽ 10000/- വരെയുള്ള തുകകൾക്ക് 10% വും, 10000/- രൂപാ മുതൽ 20000/-വരെയുള്ള തുകകൾക്ക് 15% വും ലക്ഷ്വറീസ് ടാക്സ് ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് കരിമുഗളിൽ സ്ഥിതി ചെയ്യുന്ന കമ്മ്യൂണിറ്റി ഹാൾ 2015-16 സാമ്പത്തിക വർഷം വാടകയ്ക്കെടുത്ത വാടകക്കാരിൽ നിന്നും ലക്ഷ്വറി ടാക്സ് ഈടാക്കി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബുക്ക് ചെയ്ത വ്യക്തി | രസീത് നം | തീയതി | തുക | ഈടാക്കേണ്ട ലക്ഷ്വറി ടാക്ക്സ് |
|---|---|---|---|---|---|
| 1 | സി.ടി.സെവ്യർ, ചടയംക്കാട്ട് | 15502100199 | 16.4.15 | 6000 | 600 |
| 2 | ശ്ളീബ, വെള്ളുമണക്കുഴി കാരോത്ത് | 15502100331 | 25.04.15 | 3000 | 300 |
| 3 | കെ.ആർ.സോമൻ, കംമ്മല | 15502101467 | 29.06.15 | 6000 | 600 |
| 4 | എൻ.എ.ദാസൻ, നടുമോളാത്ത് | 91763100076 | 25.07.15 | 6000 | 600 |
| 5 | മാത്യു.കെ.വി. കുമ്പ്ളശ്ശേരിൽ | 15502101848 | 04.08.15 | 6000 | 600 |
| 6 | കൃഷ്ണകുമാർ.ഇ.വി | 15502102057 | 13.08.15 | 3000 | 300 |
| 7 | അജിതബാബു, പനയ്ക്കാട്ടംച്ചിറ | 15502102228 | 25.08.15 | 6000 | 600 |
| 8 | വിമൽ.കെ.എസ്. കണ്ടക്കത്തറ | 15502103453 | 16.11.15 | 6000 | 600 |

| | | | | | |
|---|---|---|---|---|---|
| 9 | ജഗദീഷ്.എ.പി, അലക്കൽ | 15502104859 | 18.02.16 | 12000 | 1800 |
| 10 | അനീഷ്.കെ.വി. പുളിക്കൽ | 155021025108 | 29.02.16 | 6000 | 600 |
| 11 | ടിവി.ശശി, കെ.വി.എം,എസ്. കരിമുഗൾ | 15502105155 | 02.03.6 | 3000 | 300 |
| 12 | സാവി.എം.ജെ, മുള്ളൂർ വീട്, കരിമുഗൾ | 15502105826 | 26.03,16 | 6000 | 600 |
| 13 | പ്രശോഭ്കുമാർ, പൊഞ്ചിറക്കുഴി കാരോട്ട് | 15502105921 | 29.03.16 | 3000 | 300 |
| ആകെ 7800 | | | | | |

7800 രൂപ ഈടാക്കി ബന്ധപ്പെട്ട നികുതി ഇനത്തിൽ അടക്കേണ്ടതാണ് .

## 2-3 വക്കീൽ ഫീസിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല. നഷ്ടം 6000/

പഞ്ചായത്തുമായി ബന്ധപ്പെട്ട കേസുകൾ വാദിച്ച അഡ്വക്കേറ്റ് ശ്രീ ബാബു ചെമ്പുകരയ്ക്ക് ഫീസിനത്തിൽ 60000 /- രൂപ നല്കിയിട്ടുണ്ട്.എന്നാൽ ഇദ്ദേഹത്തിൽ നിന്നും ആദായനികുതി വകുപ്പ് നിയമം 194 (j) പ്രകാരം മൊത്തം നല്കിയ തുകയുടെ 10% ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കിയതായി കാണുന്നില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കേസുകളുടെഎണ്ണം* നല്കിയതുക | ആകെ തുക | ചെക്ക് നം | തീയതി | വൗച്ചർ നം | ഈടാക്കേണ്ട തുക |
|---|---|---|---|---|---|---|
| 1 | 7*3000 | 21000 | 043177 | 02.05.15 | 21500133 | 2100 |
| 2 | 13*3000 | 39000 | 039029 | 23.09.15 | 21500704 | 3900 |
| ആകെ 60000 | | | | | | |

ആദായനികുതി നിയമ പ്രകാരം ഇദ്ദേഹത്തിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 6000/-രൂപ

ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് 22.11.2016 ൽ 19ാം നമ്പർ അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആദായനികുതി ഇനത്തിൽ അഡ്വക്കേറ്റ് ശ്രീ ബാബു ചെമ്പുകരയിൽ നിന്നും 6000 ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതും ആയതിന്റെ രസീത് ഓഡിറ്റിനായി ഹാജരാക്കേണ്ടതുമാണ്.

## 2-3 (2) ആദായനികുതി ഈടാക്കിയില്ല -നഷ്ടം 3000/-രൂപ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2015-16 സാമ്പത്തിക വർഷത്തിൽ നടത്തിയ താഴെപ്പറയുന്ന പ്രോജക്ടിൽ ഭാരത് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനവുമായി തെരുവ് വിളക്ക് മെയിന്റനൻസ് കരാറിൽ ഏർപ്പെട്ടിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട്നം. | S0146/2015-16 |
| അടങ്കൽ തുക | 300000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെക്ക്,തീയതി,തുക | Try.1332324,19.10.2015.150000/- |

ആദായനികുതി വകുപ്പ് നിയമം 194(c) പ്രകാരം ഇവരിൽ നിന്ന് നിയമാനുസൃതമായി ഈടേക്കേണ്ടിയിരുന്ന 2% ആദായനികുതി തുകയായ 3000/-രൂപ ഈടാക്കി നികുതി സ്രോതസ്സിൽ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 22.11.2016 ൽ 20ാംനമ്പർ അന്വേഷണക്കുറിപ്പിന് തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി. ഈടാക്കുവാനുള്ള 3000/- രൂപ ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതും, ആയതിന്റെ രസീത് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 2-4 തൊഴിൽ നികുതി 2690/- രൂപ ഈടാക്കണം

ഗ്രാമപഞ്ചായത്തിന്റെ 2014-15 ലെ വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി ഇൻസ്റ്റിറ്റൂഷൻസ്, പ്രൊഫഷണൽസ് / ട്രേഡേഴ്സ് എന്ന ഇനത്തിൽ കുടിശ്ശികയായി 9300/- രൂപ ലഭിക്കാനുള്ളതായി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15 പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 2015-16 ലെ വാർഷിക കണക്കുപ്രകാരം ( RP- 43 ) ഈ ഇനത്തിൽ പിരിച്ചെടുത്തിരിക്കുന്നത് 1610/ - രൂപ മാത്രമാണ്. വ്യത്യാസ തുകയായ 7690/- രൂപ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഈ ഇനത്തിൽ 5000/- രൂപ രസീത് നം. 11602105304/ 23.11.2016 പ്രകാരം അടച്ചതിന്റെ രേഖകൾ ലഭ്യമാക്കി. അവശേഷിക്കുന്ന തുകയായ 2690/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്
.

## 2-5 സാംഖ്യ രസീത് -രേഖപ്പെടുത്തൽ സുതാര്യമല്ല. അപാകത .

താഴെ പറയുന്ന സാംഖ്യ രസീത് ക്യാൻസൽ ചെയ്തതിന്റെ ഒറിജിനൽ സൂക്ഷിക്കുകയോ കൗണ്ടർഫോയിൽ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല.

| പേര് | തിയതി | രസീത് നം. | സ്റ്റേഷനറി | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | നം. | |
| റോഷൻ മട്ടമ്മൽ | 18.01.2016 | 11502104330 | 8688628 | 120/- |

കോമൺ മാര്യേജ് രജിസ്ട്രേഷൻ എന്ന ഇനത്തിൽ പ്രിൻറ് ചെയ്തിരിക്കുന്ന മേൽ രസീത് അന്നേ ദിവസത്തെ ഡേ ബുക്കിൽ ഉൾപ്പെട്ടിട്ടില്ല. ക്യാൻസൽഡ് രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്ന ഈ രസീതിൻെറ കൗണ്ടർ ഫോയിൽ മാത്രമാണ് ഓഫീസ് കോപ്പിയായി സൂക്ഷിച്ചിരിക്കുന്നത്. ആയത് ക്യാൻസൽ ചെയ്യുകയോ ഒറിജിനൽ രസീത് കൗണ്ടർ ഫോയിലിനൊപ്പം ക്യാൻസൽ ചെയ്ത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 2-6 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൻെറ 2015 -16 ലെ D & O രജിസ്റ്റർ പരിശോധിച്ചതിൽ, ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻകടകൾക്ക്, 1996 ലെ പഞ്ചായത്ത് രാജ് ( ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ 1 (10) പട്ടിക 1 ലെ ക്രമ നമ്പർ 149 പ്രകാരം ലൈസൻസ് നൽകിയതായി കാണുന്നില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിലുണ്ടെങ്കിൽ അവയും കണ്ടെത്തി ചട്ടപ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ബിൽഡിംഗ് പെർമിറ്റ് ഇല്ലാതെ നിർമ്മാണം - നടപടി സ്വീകരിച്ചില്ല

മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി & എഡ്യൂക്കേഷൻ (MITS) പുത്തൻക്കുരിശ്, ഗ്രൂപ്പ് ബി കാറ്റഗറിയിൽ കെട്ടിടം പണിയുന്നതിന് 7.10.2014 ൽ ബിൽഡിംഗ് പെർമിറ്റ് അപേക്ഷ നൽകി. വിശദ വിവരം താഴെ ചേർക്കുന്നു .

| ഫയൽ നം | വസ്തു ഉടമ | സർവ്വെ നം | വിസ്തീർണ്ണം | നിർമ്മാണം |
|---|---|---|---|---|
| A3-7071/14 | മുത്തൂറ്റ് എം ജോർജ് , എക്സിക്യൂട്ടീവ് ഡയറക്ടർ , | 569/3-1 മുതൽ 569/3-9, 566/13-2-2 , 567/8-1,567/8-2 | 561ആർ | ബേസ്മെന്റ് ബ്ലോക്ക് + ജി + 7 നില വിദ്യാഭ്യാസ കെട്ടിടം , ലേഡീസ് ഹോസ്റ്റൽ മുതലായവ |

അപേക്ഷ 22.04.2015 ൽ A3-7071/15 നം കത്തിനോടൊപ്പം ചീഫ് ടൗൺ പ്ലാനർക്ക് അയച്ചു കൊടുത്തു. ചീഫ് ടൗൺ പ്ലാനർ 07.05.2016 ൽ സി 1 – 2694/2016 / ഡി ഡിസ് പ്രകാരം പ്ലാനിന് അനുമതി നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ ഫയർ എൻ ഒ സി ലഭിക്കുന്നതിന് 15/11/2016 ൽ A3 -7071 /16 നം കത്ത് പ്രകാരം അസി : ഡിവിഷണൽ ഓഫീസർക്ക് സമർപ്പിച്ചു .

ഇത് സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു .

1) ബിൽഡിംഗ് പെർമിറ്റ് ലഭിക്കാതെ തന്നെ സ്ഥാപനം കെട്ടിടം നിർമ്മാണം നടത്തിയിട്ടുണ്ട്. പെർമിറ്റ് ലഭിക്കാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക 2011 ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല .

2) ചീഫ് ടൗൺ പ്ലാനറിൽ നിന്നും 07.05.2016 ൽ അനുമതി ലഭിച്ച പ്ലാൻ 18.05. 2016 ൽ പഞ്ചായത്തിൽ ലഭിച്ചു . എന്നാൽ ആയത് 15/11/2016 ൽ പ്ലാൻ ഫയർ എൻ ഒ സി ലഭിക്കുന്നതിന് നൽകിയത് .

കാലതാമസം ഉണ്ടായത് സംബന്ധിച്ചും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ചും വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 22.11.2016ന് 25 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. കെട്ടിട നിർമ്മാണം സംബന്ധിച്ച് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 2-8 തൊഴിൽ നികുതി, സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയില്ല.

വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ 2015 -16 കാലയളവിൽ D & O ലൈസൻസ് നൽകിയ / പുതുക്കിയ, താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് രാജ് നിയമം 205 B മുതൽ F വരെ , 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 10, 13, എന്നിവ പ്രകാരം നോട്ടീസ് നൽകിയതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്, സ്ഥാപനത്തിൻെറ പേര് | പ്രവർത്തനം |
|---|---|---|
| 1 | P.K. Prasad | Rock Product stockyard |
| 2 | V. Ramachandran, Genlite Engn. P.Ltd. | Diesel Genset Manufacturing |
| 3 | Benny Sebastian , Rosery Granites | Metal Crusher |
| 4 | Saji C.M. , Cheerath Metal | Sale of Steel cement& Paint |
| 5 | Anic T.K. , India Cement Depot | Cement Stocking |
| 6 | Bain A.B. BBB Engineering & Constructions | BBB Dock store and Paint House |
| 7 | T.P. Remani, Lal & Company | Metal Crusher |
| 8 | Dido Alex & Eldo Joy | Saw Mill |

| | | |
|---|---|---|
| 9 | Valsa Mathai, Medical Research Centre | Clinical Laboratory |
| 10 | Raju A.V. Neethi Medical Store | Stock and sale of English Medicine |
| 11 | Sabu George M. | Service Stationery and Automobile Workshop |
| 12 | M.M. Aliyar | Timber Mill and Sawmill |
| 13 | Saju P. Varghese | Tyre Retrading |
| 14 | Sabu Cheriyan, Marymatha Construction Company | Concrete Mixing Plant |
| 15 | M.G. Radhakrishnan, Electronic control & Discharge Systems P. Ltd. | Stocking Electronic items |
| 16 | M.G. Radhakrishnan, Prosperity Lighting India P.Ltd. | Stocking Lamps |
| 17. | Shyla Kurian | Automobile Workshop |
| 18. | A.J. Martin St. Joseph Industries | Plywood Workshop |
| 19. | C.K. Shaji and Roy K. Varghese | Restaurent & Lodging |
| 20 | Santhosh Kurian Gregory Polymers P. Ltd. | Manufacturing of polythene Limeshed pouchers & rotin |
| 21 | Sudheesh Ess square Industries | Hollow Brick unit |
| 22 | Basheer K.H. Pioneer Automobiles | Automobile Workshop |
| 23. | Ambalamugal Medical Aid Society | Charitable Medical Centre and Clinical Laboratory |
| 24 | Aju George, E.J. George and Co. | Tyre Tube Stocks and Store |
| 25 | M.D. K.S.B.C. (M & M) | Indian Made Foreign Liquor |

| | | |
|---|---|---|
| 26 | K.P. Thomas | Ayurveda Medical Shop |
| 27 | Umadevi K.S., Narayana Gas | Stocking and Sale of Commercial Gas |
| 28 | Betcy C. Poulose, Annu Rubber | Rubbersheet Trading |
| 29 | Sai India Equipment P. Ltd. | Concrete mixing Plant |
| 30 | Benoy Peter | Manufacturing of Tools & Die parts |
| 31 | K.K. Ibrahim & Unnikrishnan | Rubber Band Unit |
| 32 | A.P. Jose, Alenchery Brick Unit | Hollow Brick Unit |
| 33 | Siyad K.A. | Sale of Glass, Polymers, Hardware Items |
| 34 | Prasad KurianM.G. Medicals | Medical Shop |
| 35 | Valsa Rajan | Sale of Utensils and Gift Items |
| 36 | Alexy John | Manufacture of Readymix concrete |
| 37 | Shijas K.A. | Production of Turpentine, Varnish, soligram |
| 38 | T.H. Nishad, Union Oil Mill | Oil Mill |
| 39 | Riyas Hardware | Hardware Shop |
| 40 | Laiju P.A. | Hollowbrick unit |
| 41 | P. Selvaraj, Selvam Broilers P. Ltd. | Hatcchery Unit |
| 42 | Mathew Varghese | Dental Clinic |
| 43 | Daniel Thomas, Muttakulath Engineering Works | Engineering Workshop |
| 44 | Thampi C.V. Jolly Cold Storage | Cold Storage |
| 45 | K.K. George | Hollow brick unit |
| 46 | Lissy George | Hollow brick Unit |

| | | |
|---|---|---|
| 47 | Beeny Paul | Hollow Brick Unit |
| 48 | James A.X. Sharon Gas Agencies | Indusrial Gases Stock and Sale |
| 49 | TerritoryManager, BPCL , Irimpanam | Diesel Patrol Retail Outlet |
| 50 | Rabi Asis | Sale of Hardware |
| 51 | Ashraf T.I. | Electrical Goods Shop |
| 52 | Shihab T.P. | Hardware Shop |
| 53 | Aboobaker N.K. | Hardware Shop |
| 54 | NasarT.B. , Aiswarya Jewellery | Jewellery Shop |
| 55 | C.M. George. Super Tech | Cement Brick |
| 56 | T.C. Mathai, Valliyamath Oil Mill | Oil Mill |

മേൽ സ്ഥാപനങ്ങൾക്ക് ചട്ടപ്രകാരം നോട്ടീസ് നൽകി അവയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായി പറയുന്നില്ല. നോട്ടീസിന് മറുപടിയായി സ്ഥാപന ഉടമ സമർപ്പിക്കുന്ന ലിസ്റ്റ് പ്രകാരം, തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ D & O രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന, നികുതിയടയ്ക്കാൻ ബാധ്യസ്ഥരായ മറ്റ് സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

D & O അപേക്ഷകളിലും രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. D & O രജിസ്റ്ററിൽ, പ്രൊഫഷൻ രജിസ്റ്ററിലെ നമ്പർ എന്ന കോളം നിർബന്ധമായും പൂരിപ്പിക്കേണ്ടതാണ്.

## 2-9 ഓഡിറ്റ് ഇംപാക്റ്റ്

1 ) ഭൂമി വികസന ഫീസ് - 140250 രൂപ അടച്ചു

മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി & എഡ്യൂക്കേഷൻ (MITS) പുത്തൻക്കുരിശ്, ഗ്രൂപ്പ് ബി കാറ്റഗറിയിൽ കെട്ടിടം പണിയുന്നതിന് 7.10.2014 ൽ ബിൽഡിംഗ് പെർമിറ്റ് അപേക്ഷ നൽകി. കെട്ടിട നിർമ്മാണ സ്ഥലത്ത് മണ്ണ് എടുക്കൽ, നിരപ്പാക്കൽ ഇതര ഭൂവികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ചട്ട പ്രകാരം ഈടാക്കേണ്ട ഭൂമി വികസന ഫീസ് ഈടാക്കിയിരുന്നില്ല. കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011ലെ ചട്ടം 4 (1) പ്രകാരം കെട്ടിട നിർമ്മാണത്തിന് ഭൂമി വികസിപ്പിക്കുന്നതിന് സെക്രട്ടറിയുടെ മുൻകൂർ

അനുമതി ആവശ്യമാണ്. ഭൂമി വികസനത്തിന് ചട്ടം 5 പ്രകാരം ഉടമ അപേക്ഷ സമർപ്പിക്കേണ്ടതും ആയത് പരിഗണിച്ച് പട്ടിക II പ്രകാരമുള്ള ഫീസ് ഈടാക്കി ചട്ടം 7 പ്രകാരം വികസന പെർമിറ്റ് നൽകണം . എന്നാൽ ഇപ്രകാരം വികസന പെർമിറ്റ് നൽകാതിരുന്നതിനാൽ 140250 /-രൂപയുടെ നഷ്ടം സംഭവിച്ചു . വിശദ വിവരം താഴെ ചേർക്കുന്നു .

| ഫയൽ നം | വസ്തു ഉടമ | സർവ്വെ നം | വിസ്തീർണ്ണം | നിർമ്മാണം | ഈടാക്കേണ്ടിയിരുന്ന ഭൂമി വികസന ഫീസ് ( 250 / ആർ ) (കാറ്റഗറി II പഞ്ചായത്ത് ) |
|---|---|---|---|---|---|
| A3-7071/14 | മുത്തൂറ്റ് എം ജോർജ് , എക്സിക്യൂട്ടീവ് ഡയറക്ടർ , | 569/3-1 മുതൽ 569/3-9, 566/13-2-2, 567/8-1, 567/8-2 | 561ആർ | വിദ്യാഭ്യാസ കെട്ടിടം, ലേഡീസ് ഹോസ്റ്റൽ മുതലായവ | 140250 രൂപ |

ഇക്കാര്യം 22.11.2016 ലെ ഓഡിറ്റ് എൻക്വയറി 24 പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 140250 രൂപ 23.11.2016 ൽ 11602500163 നം രസീത് പ്രകാരം അടച്ചു .

2) തൊഴിൽ നികുതി കുറവ് വന്ന 5000/- രൂപ അടച്ചു .

ഗ്രാമപഞ്ചായത്തിൻെറ 2014-15 ലെ വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻസ്, പ്രൊഫഷണൽസ് / ട്രേഡേഴ്സ് എന്ന ഇനത്തിൽ കുടിശ്ശികയായി 9300/- രൂപ ലഭിക്കാനുള്ളതായി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15 പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 2015-16 ലെ വാർഷിക കണക്കുപ്രകാരം ( RP- 43 ) ഈ ഇനത്തിൽ പിരിച്ചെടുത്തിരിക്കുന്നത് 1610/ - രൂപ മാത്രമാണ്. വ്യത്യാസ തുകയായ 7690/- രൂപ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഈ ഇനത്തിൽ 5000/- രൂപ രസീത് നം. 11602105304/ 23.11.2016 പ്രകാരം അടച്ചതിന്റെ രേഖകൾ ലഭ്യമാക്കി.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സബ്സിഡി മാർഗ്ഗരേഖാ ലംഘനം - 75000 രൂപ നഷ്ടം

പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സബ്സിഡി മാർഗ്ഗ-രേഖയിലെ വ്യവസ്ഥക്ക് വിരുദ്ധമായി ധനസഹായം നൽകിയതിനാൽ 75000 രൂപയുടെ

നഷ്ടം സംഭവിച്ചു .

പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

പ്രൊജക്ട് നം - S 0024 / 16

പ്രൊജക്ടിന്റെ പേര് - മെറിറ്റോറിയസ് ആയ പട്ടിക ജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സിനുള്ള ധനസഹായം

അംഗീകാരം - P 2 / 2015 /20/04/2015 , എസ് സി ഡെവലപ്പ്മെന്റ് ഓഫീസർ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ തുക - 950000/- എസ് സി പി

ചെലവ് തുക - 950000/-

പ്രൊജക്ടിന്റെ ഭാഗമായി 38 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി. എന്നാൽ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ പുതുക്കിയ സബ്സിഡി മാർഗ്ഗരേഖയായ സ ഉ (എം എസ് ) 362/2013 ത സ്വ ഭ വ / 16.11.2013 പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെയാണ് പ്രൊജക്ട് നിർവ്വഹണം നടത്തിയത് . വിശദ വിവരം താഴെ ചേർക്കുന്നു .

അനർഹരായവർക്ക് ആനുകൂല്യം നൽകി .

സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.8 പ്രകാരം പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ധനസഹായം നൽകേണ്ടത് . എന്നാൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത നിബന്ധന പാലിക്കാതെ ധനസഹായം വിതരണം ചെയ്തു .

| ക്രമ നം | പേര് | പഠിക്കുന്ന കോഴ്സ് / കോളേജ് | നൽകിയ തുക | ഡി ഡി നം | പരാമർശം / അപാകതകൾ |
|---|---|---|---|---|---|
| 1 | അനന്തുമോളത്ത്, ചൊവ്വാട്ടുമോളത്ത്, പുത്തൻകുരിശ് | ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ (ഡി സി എ ), ലാംബ്ഡ കംപ്യൂട്ടർ സെന്റർ , കോലഞ്ചേരി | 25000 | 159058/ 29.01.2016 | 1)പ്രൊഫഷണൽ കോളേജ് അല്ല . 2)പ്രൊഫഷണൽ കോഴ്സ് അല്ല . 3) ലാംബ്ഡ കംപ്യൂട്ടർ സെന്ററിലെ ഡി സി എ കോഴ്സിന്റെ ഫീസ് 5800 ആണ് . ഇതിൽ നിന്ന് എസ് സി |

| | | | | | |
|---|---|---|---|---|---|
| | | | | | വിഭാഗത്തിന് 25 % ഇളവുണ്ട് . അതായത് ഫീസ് 4350 എന്നാൽ നൽകിയ തുക 25000 |
| 2 | ആഭിരാമി ആനന്ദ്, കുഴിക്കാട് , അമ്പലമേട് | ഡിപ്ലോമ ഇൻ ഫിനാൻഷ്യൽ അക്കൗണ്ടിംഗ്, എൻ എ സി റ്റി, തൃപ്പൂണിത്തുറ | 25000 | 159981/15.03.2016 | 1)പ്രൊഫഷണൽ കോളേജ് അല്ല . 2)പ്രൊഫഷണൽ കോഴ്സ് അല്ല . |
| 3 | ധന്യ എ ആർ , മാടാലിപ്പറമ്പിൽ, പുത്തൻകുരിശ് | അയാട്ട കോഴ്സ്, ഗൈഡേഴ്സ് എഡ്യൂക്കേഷൻ, കടവന്ത്ര . | 25000 | 159925/14.03.2016 | 1)പ്രൊഫഷണൽ കോളേജ് അല്ല . 2)പ്രൊഫഷണൽ കോഴ്സ് അല്ല . |
| ആകെ | | | 75000 | | |

9 വിദ്യാർത്ഥികൾക്ക് സബ്സിഡി നൽകിയതിലെ അപാകത സംബന്ധിച്ച് 17.11.2016 ൽ ഓഡിറ്റ് എൻക്വയറി നൽകി ( നം 3 ). എൻക്വയറിക്ക് നൽകിയ മറുപടിയിൽ 6 വിദ്യാർത്ഥികളുടെ സബ്സിഡി സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കി . മേൽ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 3 പേരിൽ നിന്ന് സബ്സിഡി തുക തിരികെ ഈടാക്കുന്നതാണെന്ന് 21.11.2016 ന് മറുപടി നൽകി . 75000 രൂപ തിരികെ ഈടാക്കി അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് .

## 3-2 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - 276391 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നിർവ്വഹണത്തിനായി കെ എസ് ഇ ബി, വാട്ടർ അതോറിറ്റി എന്നിവക്ക് നൽകിയ താഴെ പറയുന്ന തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല .

| ക്രമ നം | പ്രൊജക്ട് നമ്പർ /പേര് | നിർവ്വഹണ ഏജൻസി | നൽകിയ തുക | ഡി ഡി നമ്പർ |
|---|---|---|---|---|
| 1 | SO325/16, വെട്ടിനത്താഴം | വാട്ടർ അതോറിറ്റി, | 210000 | 046920/04.03.2016 |

| | | | | |
|---|---|---|---|---|
| | ഇളയിടത്തുതാഴം പെരുംതരമുക്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ ഡിവിഷൻ, കൊച്ചി . | | |
| 2 | S286/16, പുതുമാനൂർ ലക്ഷം വീട് സ്ട്രീറ്റ് ലൈൻ മാറ്റൽ | കെ എസ് ഇ ബി, അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പുത്തൻകുരിശ് | 34365 | ഡി ഡി നം ലഭ്യമാക്കണം |
| 3 | S149/16, കരിമുകൾ മാർക്കറ്റ് സ്ട്രീറ്റ് ലൈൻ വലിക്കൽ | കെ എസ് ഇ ബി, അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പുത്തൻകുരിശ് | 32026 | 754728/01 /06/2015 |
| ആകെ | | | 276391 | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ 276391 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

## 3-3 ലാപ്പ് ടോപ്പ് വിതരണം - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത -203400 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 18.03.2015 ലെ 787/2015/ ത സ്വ ഭ വ നം ഉത്തരവ് പ്രകാരം എസ് സി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകാം . എന്നാൽ പഞ്ചായത്ത് പ്രൊജക്ട് നടപ്പാക്കിയപ്പോൾ ഉത്തരവിന് വിരുദ്ധമായി

അനർഹരായവർക്കും ലാപ്പ് ടോപ്പ് നൽകി .

പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രൊജക്ട് നമ്പർ | S 0331/ 16 |
| പ്രൊജക്ടിന്റെ പേര് | പ്രൊഫഷണൽ , പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് |
| അംഗീകാരം | VB4/15/26.09.2015 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | 1050000/- എസ് സി പി |
| ചെലവ് തുക | 1627200/- |

പ്രൊജക്ടിന് കംപ്യൂട്ടർ വാങ്ങിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

പഞ്ചായത്തിന്റെ AS-10/2016/14.01.2016 നോട്ടീസിന്റെ അടിസ്ഥാനത്തിൽ 05/02/2016 ൽ നടന്ന ടെണ്ടറിൽ ഓൺലൈൻ ഇൻഫോ വേൾഡ്, മുളന്തുരുത്തി എന്ന സ്ഥാപനത്തെ 05.02.2016 ലെ 35(1) കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലാപ്പ് ടോപ്പുകൾ വിതരണം ചെയ്യുന്നതിന് തിരഞ്ഞെടുത്തു. ലാപ്പ് ടോപ്പ് വാങ്ങിയതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വാങ്ങിയ ലാപ്പ് ടോപ്പുകളുടെ എണ്ണം | 48, ഏസർ എച്ച് പി 15,<br>വിത്ത് ഓപ്പറേറ്റിംഗ് സിസ്റ്റം |
| വില | 33900/ - |
| ബിൽ നം | ഇൻവോയ്സ് നം MLTY/2353 /08.02.2016,<br>822500 രൂപ |
| | ഇൻവോയ്സ് നം MLTY/2363 /10.02.2016,<br>25000 രൂപ |
| | ഇൻവോയ്സ് നം MLTY/2491 /25.02.2016,<br>756700 രൂപ |
| | ഇൻവോയ്സ് നം MLTY/2492 /25.02.2016,<br>23000 രൂപ |
| തുക നൽകിയതിന്റെ വിവരം | ഡി ഡി നം 159254 / 20.02.2016,<br>847500 രൂപ |

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു .

1)അനർഹരായവർക്ക് ആനുകൂല്യം നൽകി .

സർക്കാർ ഉത്തരവ് പ്രകാരം ലാപ്പ് ടോപ്പ് വിതരണം പ്രൊഫഷണൽ , പോസ്റ്റ് ഗ്രാജ്വേറ്റ്, കംപ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും പോളി ടെക്നിക്കുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട് . എന്നാൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത നിബന്ധന പാലിക്കാതെ ധനസഹായം വിതരണം ചെയ്തു .

| ക്രമ നം | പേര് | പഠിക്കുന്ന കോഴ്സ് / കോളേജ് | പരാമർശം / അപാകതകൾ |
|---|---|---|---|
| 1 | അഭിരാമി ആനന്ദ്, കുഴിക്കാട്, അമ്പലമേട് | ഡിപ്ലോമ ഇൻ ഫിനാൻഷ്യൽ അക്കൗണ്ടിംഗ്, എൻ എ സി റ്റി, തൃപ്പൂണിത്തുറ | ഉത്തരവിലെ നിബന്ധന പാലിക്കുന്ന കോളേജോ, കോഴ്സോ അല്ല . |
| 2 | അഖിൽ നാരായണൻ, മുല്ലയ്ക്കൽ, കാണിനാട്. | ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (ഡി എഡ്), ആർ എം റ്റി റ്റി ഐ, വടവുകോട് | ഉത്തരവിലെ നിബന്ധന പാലിക്കുന്ന കോഴ്സ് അല്ല . |
| 3 | അനന്തു മോളത്ത് , ചൊവ്വാട്ടു മോളത്ത്, പുത്തൻകുരിശ് | ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ (ഡി സി എ ), ലാംബ്ഡ കമ്പ്യൂട്ടർ സെന്റർ , കോലഞ്ചേരി | ഉത്തരവിലെ നിബന്ധന പാലിക്കുന്ന കോളേജോ, കോഴ്സോ അല്ല . |

എട്ട് വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകിയതിലെ അപാകത സംബന്ധിച്ച് 18.11.2016 ൽ ഓഡിറ്റ് എൻക്വയറി ( നം 6 ) നൽകിയതിന് 21.11.2016 ൽ സമർപ്പിച്ച മറുപടിയിൽ 5 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകുന്നതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കി. അവശേഷിക്കുന്ന മുകളിൽ സൂചിപ്പിച്ച 3 പേർക്ക് ലാപ്പ് ടോപ്പ് നൽകിയത് സബ്സിഡി മാർഗ്ഗരേഖയുടെ ഉത്തമ താൽപ്പര്യത്തിന് വിരുദ്ധമാണ് .

2) <u>പ്രൊജക്ട് അടങ്കലിലെ വ്യത്യാസം</u>

അംഗീകാരം കിട്ടിയ പ്രൊജക്ടിലെ അടങ്കൽ 1050000/- രൂപയാണ് എന്നാൽ ചെലവ് പത്രിക പ്രകാരം അടങ്കൽ 1634500 രൂപയും പ്രൊജക്ടിന്റെ ചെലവ് 1627200 രൂപയുമാണ് .

3) ഓൺലൈൻ ഇൻഫോ വേൾഡിന് 847500 രൂപ നൽകിയ ഡിഡി യുടെ നമ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് . 779700 രൂപ നൽകിയതിന്റെ ഡിഡി നമ്പർ ലഭ്യമല്ല .

പ്രൊജക്ട് പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നും, 779700 രൂപ നൽകിയതിന്റെ ഡിഡി നമ്പർ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് 18.11.2016 ൽ ഓഡിറ്റ് എൻക്വയറി ( നം 6 ) നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ

ചെലവിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല .

പ്രൊഫഷണൽ കോഴ്സ്/മാർഗ്ഗരേഖയിൽ സൂചിപ്പിക്കുംവിധമുള്ള കോഴ്സ് പഠിക്കുന്നവര- ല്ലാത്ത 203400 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

## 3-4 കിടാരി വിതരണം - ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാ ലംഘിച്ച് സബ്സിഡി നൽകി - 10000/- രൂപ തടസ്സപ്പെടുത്തുന്നു .

വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായുള്ള സബ്സിഡി ആനുകൂല്യങ്ങൾ ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് വിതരണം ചെയ്യേണ്ടത്. ഗ്രാമസഭാ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ മുൻഗണനാ ക്രമം നിർവ്വഹണ സമയത്ത് മറികടക്കാൻ പാടില്ല . എന്നാൽ കിടാരി വിതരണം എന്ന പ്രൊജക്ടിൽ പ്രസ്തുത നിബന്ധന മറികടന്ന് ആനുകൂല്യം നൽകി .

പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

പ്രൊജക്ട് നം - S 0039 / 16

പ്രൊജക്ടിന്റെ പേര് - കിടാരി വാങ്ങി നൽകൽ

അംഗീകാരം - AH- VP-04-2015-16 /16/05/2015 , സീനിയർ വെറ്ററിനറി സർജൻ .

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ .

അടങ്കൽ തുക - 160000/-

ചെലവ് തുക - 70000/- പ്ലാൻ ഫണ്ട്

70000/-ഗുണഭോക്തൃ വിഹിതം

ആകെ 140000/-

ബിൽ നം - 4/15-16/18.03.2016

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു .

പ്രൊജക്ടിന്റെ ഭാഗമായി 14 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകി . ഗുണഭോക്തൃ ലിസ്റ്റിലെ താഴെ പറയുന്ന ആളുകളെ മറികടന്ന് ഇതര വ്യക്തികൾക്ക് സബ്സിഡി നൽകി .

| ക്രമ നം | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം | പേര് | വാർഡ് നം | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 12 | മേരി കെ വി, മുള്ളൻകുഴിയിൽ | 12 | ഇവരെ മറികടന്ന് ക്രമ നം 14,15 എന്നിവ പ്രകാരമുള്ള പങ്കജാക്ഷൻ നായർ , കെ എം പരമേശ്വരൻ എന്നിവർക്ക് സബസിഡി നൽകി . |
| 2 | 13 | കുര്യാക്കോ മത്തായി, ചാലവന | 13 | |

ഗുണഭോക്തൃ ലിസ്റ്റിന്റെ മുൻഗണനാ ക്രമം മറികടന്ന് സബ്സിഡി നൽകിയത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 18.11.2016 ൽ 9 -ാംനംപർ ആയി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല .

2) പ്രൊജക്റ്റ് നിർവ്വഹണത്തിന് നിദാനമായ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ പുതുക്കിയ സബ്സിഡി മാർഗ്ഗരേഖയായ സ ഉ ( എം എസ് ) 362/2013 ത സ്വ ഭ വ / 16.11.2013 പ്രകാരം കിടാരികളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്താമെന്ന് ഗുണഭോക്താക്കൾ കരാർ വെക്കണം . എന്നാൽ ഇപ്രകാരം ഗുണഭോക്താക്കളുമായി കരാർ വെക്കാതെയാണ് സബ്സിഡി നൽകിയത് . കിടാരി ലഭിച്ചവരുമായി കരാർ ഒപ്പിടേണ്ടതാണ് .

ഇക്കാര്യങ്ങൾ സംബന്ധിച്ച് 18.11.2016 ൽ ഓഡിറ്റ് എൻക്വയറി 9 നൽകി ആയതിന് 23.11.2016 ൽ സമർപ്പിച്ച മറുപടിയിൽ ക്രമ നമ്പർ 12, 13 എന്നിവ പ്രകാരമുള്ള ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ ഒഴിവാക്കണമെന്ന് അറിയിച്ചതായി മറുപടി നൽകി. എന്നാൽ ഗുണഭോക്താക്കൾ രേഖാമൂലം അറിയിച്ചിട്ടില്ല എന്നും അറിയിച്ചു . കൂടാതെ ഗുണഭോക്താക്കളുമായി കരാർ വെക്കുന്നതാണെന്നും അറിയിച്ചു .

ഗുണഭോക്തൃ ലിസ്റ്റിന്റെ മുൻഗണനാ ക്രമം മറികടന്ന് 2 പേർക്ക് നൽകിയ സബ്സിഡി തുകയായ 10000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

## 3-5 ബിറ്റുമിന്റെ വില വ്യത്യാസം മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറയ്ക്കുന്നില്ല.

2015-16ൽ വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിൽ നടത്തിയ മരാമത്ത് പ്രവൃത്തികളിൽ, പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ 41000/MT എന്ന നിരക്കാണ് ബിറ്റുമിന് കണക്കാക്കിയതെങ്കിലും ഇതിലും വളരെ കുറവ് വിലയ്ക്കാണ് ബിറ്റുമിൻ HPCL-ൽ നിന്നും ലഭ്യമായിട്ടുള്ളത്. എന്നാൽ ഈ വില വ്യത്യാസം കണക്കാക്കാതെയാണ് വർക്ക് ബില്ലിന്മേൽ തുക നൽകിയിട്ടുള്ളത്. അതിനാൽ അർഹതപ്പെട്ടതിലും അധിക തുക പ്രവൃത്തി ഏറ്റെടുത്ത് നടത്തിയവർക്ക് ലഭ്യമാകുവാൻ ഇടയായി. താഴെ പറയുന്ന കൺവീനർ വർക്കുകൾ ഉദാഹരണമായി ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് / | അളവ് | കൺവീനറുടെ | ബിൽ പ്രകാരം ബിറ്റുമിന്റെ |
|---|---|---|---|

| പ്രോജക്റ്റ് നമ്പർ | പുസ്തകം | പേര് | വില |
|---|---|---|---|
| കരിമുകൾ ചർച്ച് കുമാരയിൽ ലിങ്ക് റോഡ് പാച്ച് വർക്ക്, ഡ്രെയിൻ മെയിന്റനൻസ് (Project No. SO 68/16) | 61/ 15-16 | ഷൺമുഖൻ | 24091/.780 |
| പ്രവൃത്തിയുടെ/പേര് പ്രോജക്റ്റ് നമ്പർ | അളവ് പുസ്തകം | കൺവീനറുടെ പേര് | ബിൽ പ്രകാരം ബിറ്റുമിന്റെ വില |
| കരിമുകൾ മില്ല് റോഡ് റീടാറിംഗ് (Project No. SO 103/16) | 27/ 15-16 | കുഞ്ഞപ്പൻ | 77688/2.652 |

ഇത്തരത്തിൽ എല്ലാ റോഡ് പ്രവൃത്തികളിലും അധിക തുക പ്രവൃത്തി ഏറ്റെടുത്ത് നടത്തിയവർ കൈപ്പറ്റുന്നതിനിടയായിട്ടുണ്ട്. ബിൽ തുക നൽകുമ്പോൾ ബിറ്റുമിന്റെ യഥാർത്ഥ വില മാത്രം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-6 റോഡ് നിർമ്മാണ പ്രൊജക്ട് നിർവ്വഹണം നടന്നില്ല – 1404855 രൂപ നഷ്ട പരിഹാരം നൽകി

ഗ്രാമ പഞ്ചായത്തിൽ റോഡുകളുടെ നിർമ്മാണം തടസ്സപ്പെട്ടതിനാൽ കരാറുകാരന് 1404855 രൂപ നഷ്ട പരിഹാരം നൽകി . വാർഡ് നം 17 ൽ ഫാക്ട് വക (കൊച്ചിൻ ഡിവിഷൻ ) സ്ഥലത്തെ രണ്ട് റോഡുകളുടെ നിർമ്മാണം തടസ്സപ്പെട്ടതിനാലാണ് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകേണ്ടി വന്നത് . പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു . ( ലഭ്യമാക്കിയ കേസ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് )

| ക്രമ നം | പ്രൊജക്ട് നം | റോഡ് |
|---|---|---|
| 1 | S 177/06 | ഫാക്ട് വക സ്ഥലത്ത് ക്വാർട്ടേഴ്സ് നം 308 മുതൽ കുഴിക്കാട് ജംഗ്ഷൻ വരെയുള്ള ടാറിംഗ് |
| 2 | S179 /06 | ഫാക്ട് വക സ്ഥലത്ത് കനാൽ ജംഗ്ഷൻ മുതൽ ക്വാർട്ടേഴ്സ് നം 313 വരെയുള്ള ടാറിംഗ് |

പൊതു മേഖലാ സ്ഥാപനമായ ഫെർട്ടിലൈസേഴ്സ് & കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡിന്റെ മാനേജർ, കമ്പനിയുടെ കോമ്പൗണ്ടിനകത്തെ റോഡുകൾ തകർന്നു കിടക്കുകയാണെന്നും

സാമ്പത്തിക പ്രതിസന്ധിയായതിനാൽ കമ്പനിക്ക് അറ്റകുറ്റപ്പണി നടത്താൻ സാധിക്കാത്തിനാൽ ഗ്രാമ പഞ്ചായത്ത് ധനസഹായം നൽകണമെന്നാ വശ്യപ്പെട്ട് 10/08/2014 ലെ ജനറൽ മാനേജർ – CD – 308 / 540 നമ്പർ പ്രകാരം അപേക്ഷ നൽകി . അപേക്ഷ ഭരണ സമിതി പരിഗണിക്കുകയും തനത് ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സെക്രട്ടറിയോട് അഭ്യർത്ഥിച്ചു . തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15/10/2004 ലെ സ ഉ ( സാധാ ) 3608/2004 /ത സ്വ ഭ വ പ്രകാരം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി . ആയതിന്റെ അടിസ്ഥാനത്തിൽ കരാർ തുക 1018604 രൂപക്ക് ടെണ്ടർ ക്ഷണിച്ചു . കെ കെ കരീം എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും 25/01/2016 ലെ 43/05-06 നമ്പർ പ്രകാരം കരാർ നൽകുകയും ചെയ്തു . പിന്നീട് കമ്പനി വക സ്ഥലത്തുള്ള ബ്രഹ്മപുരം ഗേറ്റ് പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കണമെന്ന് പഞ്ചായത്ത് ഫാക്ടിനോട് അഭ്യർത്ഥിച്ചു . ഇപ്രകാരം ചെയ്താൽ നിർമ്മാണം നടക്കാൻ പോകുന്ന റോഡ് പഞ്ചായത്തിന് വിട്ട് കൊടുക്കേണ്ടിവരുമോയെന്ന ആശങ്കയിൽ ഫാക്ട് റോഡ് നിർമ്മാണം തടഞ്ഞു . പണി മുടങ്ങിയതിനാൽ കരാറുകാരൻ 10.25 ലക്ഷം രൂപ പഞ്ചായത്തിനോട് നഷ്ട പരിഹാരം ആവശ്യപ്പെട്ടു. നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത തിനാൽ നഷ്ട പരിഹാരം നൽകാൻ സാധിക്കില്ല എന്ന് പഞ്ചായത്ത് കരാറുകാരനെ അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ കോടതിയെ സമീപിച്ചു .

കേസിന്റെ നാൾവഴികൾ താഴെ ചേർക്കുന്നു .

| ക്രമ നം | നടപടി |
|---|---|
| 1 | കരാറുകാരൻ WPC No 11931/2006 പ്രകാരം ബഹു :ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു |
| 2 | കരാറുകാരന് 739556 രൂപയും പണിക്കൂലിയും പഞ്ചായത്തും, ഫാക്ട് ( സി ഡി) യും തുല്യമായി നൽകാൻ 20.08.2007 ൽ കോടതി വിധി |
| 3 | വിധിക്കെതിരെ പഞ്ചായത്ത് 2303/2007 നം പ്രകാരം ബഹു :ഹൈക്കോടതിയിൽ അപ്പീൽ നൽകി |
| | വിധിക്കെതിരെ ഫാക്ട് 2385/2007 നം പ്രകാരം ബഹു :ഹൈക്കോടതിയിൽ അപ്പീൽ നൽകി |
| 4 | വിധി നടപ്പാക്കുന്നത് 20/09/2007 ൽ ബഹു :ഹൈക്കോടതി തടഞ്ഞു. സെക്യൂരിറ്റി തുകയായ 60000/- രൂപയും 100000 രൂപയും കരാറുകാരന് നൽകാനും, നഷ്ടപരിഹാര തുക ലഭിക്കുന്നതിന് സിവിൽ കോടതിയെ സമീപിക്കാമെന്നും വിധിച്ചു . |

| | |
|---|---|
| 5 | കരാറുകാരൻ ബഹു : പെരുമ്പാവൂർ സബ് കോടതിയിൽ OS No 149/2011 പ്രകാരം കേസ് രജിസ്റ്റർ ചെയ്തു . |
| 6 | കരാറുകാരന് 739399 രൂപ 12 % പലിശ ഉൾപ്പെടെ നൽകുന്നതിന് കോടതി വിധിച്ചു . |
| 7 | വിധിക്കെതിരെ പഞ്ചായത്ത് 464/2013 പ്രകാരവും ഫാക്ട് 385/2013 നം പ്രകാരവും റിവിഷൻ പെറ്റീഷൻ നൽകി |
| 8 | പഞ്ചായത്തും കരാറുകാരനുമായി കരാർ ഉള്ളതിനാൽ കരാറുകാരന് നഷ്ടപരിഹാരം നൽകാൻ പഞ്ചായത്തിന് മാത്രമാണ് ഉത്തരവാദിത്വമെന്നും ആയതിനാൽ കരാറുകാരന് 1404855 രൂപ 6 % പലിശ ഉൾപ്പെടെ പഞ്ചായത്ത് നൽകുന്നതിന് ബഹു :ഹൈക്കോടതി 02.06.2015 ന് വിധി പുറപ്പെടുവിച്ചു . |
| 9 | ബഹു : ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1404855 രൂപ അറ്റാച്ച് ചെയ്യുന്നതിന് ബഹു :പെരുമ്പാവൂർ സബ് കോടതി 19.08.2016 ൽ ആവശ്യപ്പെട്ടു . |
| 10 | ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1404853 രൂപ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിന്റെ 10928 നം യൂണിയൻ ബാങ്ക് അക്കൗണ്ടിൽ നിന്ന് 07.10.2015 ൽ കരാറുകാരന് നൽകി . |

ഇത് സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു .

1. രേഖകൾ ഫയലിൽ ലഭ്യമല്ല ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ കേസ് സംബന്ധിച്ച വിവരങ്ങളും കുറച്ച് ഇതര രേഖകളും മാത്രമാണ് ഉണ്ടായിരുന്നത്. മുഴുവൻ ഫയലും രേഖകളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 19.11.2016 ൽ ഓഡിറ്റ് എൻക്വയറി ( നം 13 ) നൽകിയെങ്കിലും ഫയൽ ലഭ്യമാക്കിയില്ല . എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്ന ചില രേഖകളുടെ പകർപ്പുകളും വിവരങ്ങളും ലഭ്യമാക്കി .

2. ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഫാക്ട് ജനറൽ മാനേജറുടെ 10/08/2014 ലെ 308 / 540 നമ്പർ അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കി . അപേക്ഷയിൽ റോഡ് ടാറിംഗ് ചെയ്യുക വഴി പഞ്ചായത്തിന് റോഡിന്മേൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല എന്നറിയിച്ചിട്ടുണ്ട് . പ്രസ്തുത വ്യവസ്ഥ അംഗീകരിച്ച് സത്യവാങ്മൂലം നൽകുകയാണെങ്കിൽ റോഡ് നിർമ്മാണത്തിന് തടസ്സവാദം ഉന്നയിക്കുന്നതല്ല എന്ന് ഫാക്റ്റ് ജനറൽ മാനേജർ 15.09.2006 ൽ GD-CM-113-1549 നം കത്ത് മുഖാന്തിരം അറിയിച്ചു. എന്നാൽ പഞ്ചായത്ത് അത്തരം ഒരു സത്യവാങ്മൂലം നൽകിയില്ല. ഇക്കാരണത്താൽ റോഡ് നിർമ്മാണം മുടങ്ങുകയും കരാറുകാരന് നഷ്ടപരിഹാരം നൽകാനിടയാകുകയും വന്നു . തദ്ദേശ സ്വയംഭരണ വകുപ്പ് 15/10/2004 ലെ സ ഉ
(സാധാ) 3608/2004 /ത സ്വ ഭ വ മുഖാന്തിരം യഥേഷ്ടാനുമതി നൽകിയിട്ടും റോഡ് നിർമ്മാണം നടത്താൻ സാധിച്ചില്ല .

3) താഴെ പറയുന്ന രേഖകൾ ലഭ്യമാക്കിയ ഫയലിൽ ലഭ്യമല്ലാതിരുന്നതിനാൽ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല .

a) പഞ്ചായത്ത് തദ്ദേശ സ്വയംഭരണ സെക്രട്ടറിക്ക് നൽകിയ കത്ത് .

b) നഷ്ട പരിഹാരം നൽകാൻ സാധിക്കില്ല എന്നറിയിച്ച കൊണ്ടുള്ള പഞ്ചായത്തിന്റെ കത്ത് .

c) 20.08.2007 ലെ കോടതി വിധി .

d) S 177/06 , S179 /06 നം പ്രൊജക്ടുകൾ .

e) കരാറുകാരൻ സമർപ്പിച്ച ടെണ്ടർ .

f) സെലക്ഷൻ നോട്ടീസ്.

g) സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈ എം ഡി എന്നിവയുടെ രേഖകൾ .

h) സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈ എം ഡി എന്നിവ തിരിച്ച കൊടുത്തെങ്കിൽ ആയതിന്റെ രേഖകൾ .

i) എം ബുക്കുകൾ

4) താഴെ പറയുന്ന വിവരങ്ങൾ ഫയലിൽ ലഭ്യമല്ലാതിരുന്നതിനാൽ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല .

a) റോഡ് പദ്ധതി പ്രദേശം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി 5 അംഗങ്ങളെ ഉൾപ്പെടുത്തി കമ്മറ്റി രൂപീകരിച്ചു . കമ്മറ്റി അംഗങ്ങളുടെ പേര് വിവരം എന്നിവയും കമ്മറ്റിയുടെ റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് .

b) ബഹു: കോടതിയുടെ വിധി പ്രകാരമുള്ള 1404855 രൂപ 07.10.2015 ൽ യൂണിയൻ ബാങ്ക് അക്കൗണ്ടിൽ നിന്നും ഡെബിറ്റ് ചെയ്തു . തുക അക്കൗണ്ടിൽ നിന്ന് മാറ്റുന്നത് സംബന്ധിച്ച് യൂണിയൻ ബാങ്ക് അധികാരികൾ മുൻകൂർ അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല ..

d) ബഹു: ഹൈക്കോടതിയുടെ 02.06.2015 ലെ വിധി ന്യായത്തിൽ സ്ഥലം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ഒരു കമ്മീഷനേയും അദ്ദേഹത്തെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ പി ഡബ്ല്യു ഡി വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറേയും നിയമിച്ചതായി സൂചിപ്പിക്കുന്നുണ്ട് . പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാണെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല .

റോഡ് വർക്ക് മുടങ്ങിയത് വഴി കരാറുകാരന് നഷ്ടതുക നൽകാനിടയായതും ആയത് വഴി പഞ്ചായത്തിന് ധനനഷ്ടം ഉണ്ടാകാനിടയായത് സംബന്ധിച്ചും പഞ്ചായത്ത് കമ്മറ്റി, ഭരണ വകുപ്പ് എന്നിവ അന്വേഷണം നടത്തേണ്ടതാണ് .

## 3-7 മരുന്നു വാങ്ങൽ പദ്ധതി - 53532 രൂപയുടെ മരുന്നു

ലഭ്യമായില്ല.

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 2015 – 16 ൽ 125150 രൂപ ചെലവഴിച്ചു . എന്നാൽ മുഴവൻ മരുന്നുകളും ലഭ്യമായില്ല .

പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

പ്രൊജക്ട് നം - S 0050 / 16

പ്രൊജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അംഗീകാരം - 05/ 15 – 16 /27/02/2015, ജില്ലാ മെഡിക്കൽ ഓഫീസർ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ( ഹോമിയോ)

അടങ്കൽ തുക - 125150 /-

ഹോമിയോ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഹോംകോ (കേരളാ സറ്റേറ്റ് ഹോമിയോപ്പതിക്ക് കോ ഓപ്പറേറ്റിവ് ഫാർമസി ലിമിറ്റഡ് ) ആലപ്പുഴക്ക് ടാക്സ് ഇൻവോയ്സ് നം PF – 755 /28.10.2015 ന്റെ അടിസ്ഥാനത്തിൽ 125150 രൂപ ബിൽ നം 1/23.12.2015, ഡി ഡി നം 158106/23.12.2015 എന്നിവ പ്രകാരം നൽകി. എന്നാൽ ഹോംകോ കത്ത് നം 90/15-16 /07.05.2016, ഇൻവോയ്സ് നം LF – 90/ 07/05/2016പ്രകാരം 71618 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ഇത് സംബന്ധിച്ച് 18.11.2016 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 7 ) 20.11.2016 ന് സമർപ്പിച്ച മറുപടിയിൽ 53532 രൂപയുടെ മരുന്നുകൾ ഹോംകോയിൽ നിന്ന് ലഭിച്ചിട്ടില്ല എന്നറിയിച്ചു. ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് .

## 3-8 പാലിയേറ്റീവ് കെയർ - വാഹന ഉപയോഗത്തിലെ അപാകതകൾ

പഞ്ചായത്തിലെ പാലിയേറ്റീവ് കെയറിന്റെ ഫീൽഡ് സന്ദർശനങ്ങൾക്ക് 2015 – 16 വർഷം കെ. കെ സുരേന്ദ്രൻ എന്നയാളുടെ KL – 40 -H -3845 എന്ന ഓട്ടോ ടാക്സിയാണ് ഉപയോഗിച്ചിട്ടുള്ളത് .

പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

പ്രൊജക്ട് നം - S 0061 / 16

പ്രൊജക്ടിന്റെ പേര് - വാട്ടർ ടാങ്ക് വാങ്ങി നൽകൽ

അംഗീകാരം - 1 / 2015 /21/04/2015 , ജില്ലാ മെഡിക്കൽ ഓഫീസർ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ , സി എച്ച് സി

അടങ്കൽ തുക - 400000 /-

ചെലവ് തുക - 400000/-

പ്രൊജക്റ്റിന്റെ വാഹന ഉപയോഗത്തിലെ അപാകതകൾ താഴെ ചേർക്കുന്നു .

1 ) ക്വട്ടേഷൻ ക്ഷണിച്ചില്ല .

പാലിയേറ്റീവ് കെയറിന് വാഹനം വിട്ടു നൽകുന്നതിന് താൽപ്പര്യമുള്ളവരെ ക്ഷണിച്ചുകൊണ്ട് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. ഇക്കാരണത്താൽ വാഹന ഉപയോഗത്തിന് നൽകിയ നിരക്ക് കുറഞ്ഞ നിരക്കാണോയെന്ന് ഉറപ്പാക്കാൻ കഴിഞ്ഞില്ല. ശ്രീ. കെ. കെ സുരേന്ദ്രനെ തിരഞ്ഞെടുത്ത വിധം വ്യക്തമാക്കേണ്ടതാണ് .

2 ) അവശ്യ രേഖകൾ സൂക്ഷിച്ചിട്ടില്ല .

വാഹന ഉപയോഗത്തിന്റെ ട്രിപ്പ് ഷീറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സന്ദർശിച്ച സ്ഥലങ്ങളുടെ പേര് ഉൾപ്പെടുത്തിയ ഒരു രസീത് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വാഹനം ഉപയോഗിച്ച എല്ലാ ദിവസവും 1000 രൂപ വിതം ആണ് നൽകിയിട്ടുള്ളത്. കിലോ മീറ്റർ ഉൾപ്പെടുത്തി ട്രിപ്പ് ഷീറ്റ് നൽകാത്തതിനാൽ നൽകിയ തുക അർഹമായതാണോയെന്ന് പരിശോധിക്കാൻ സാധിച്ചില്ല .

| ക്രമ നം | വൗച്ചർ നം /മാസം | ആകെ ദിവസങ്ങൾ | നൽകിയ തുക | ട്രഷറി ബിൽ നം | ഡി ഡി നം | കൈപ്പറ്റ് രസീത് നം |
|---|---|---|---|---|---|---|
| 1 | 14/15-16മുതൽ 23/15-16 വരെ , ഏപ്രിൽ 2015 | 10 | 10000 | 01/15-16 /26.07.2015 | 469563/ 20.07.2015 | 594 മുതൽ 203 വരെ |
| 2 | 39/15-16മുതൽ 48/15-16 വരെ, മെയ് 2015 | 10 | 10000 | | | 204 മുതൽ 212 വരെ |
| 3 | 66/15-16മുതൽ 77/15-16 വരെ , ജൂൺ 2015 | 10 | 10000 | 2/15-16 /11.08.2015 | | 216 മുതൽ 226 വരെ |
| | 95/15-16മുതൽ 104/15-16 വരെ , ജൂലൈ 2015 | 10 | 10000 | 3/15-16 /11.09.2015 | 211409/ 14.09.2015 | 283 മുതൽ 239വരെ |
| | 120/15-16മുതൽ 131/15-16 വരെ , ആഗസ്റ്റ് 2015 | 10 | 10000 | 4/15-16 /26.12.2015 | 158177/ 28.12.2015 | 240 മുതൽ 251വരെ |

| | | | | | | |
|---|---|---|---|---|---|---|
| | 147/15-16മുതൽ 158/15-16 വരെ , സെപ്റ്റംബർ 2015 | 12 | 12000 | 5/15-16 /31.12.2015 | 158275/ 31.12.2015 | 252മുതൽ 263 രെ |
| | 174/15-16മുതൽ 185/15-16 വരെ , ഒക്ടോബർ 2015 | 10 | 10000 | | | 264മുതൽ 275 രെ |
| | 201/15-16മുതൽ 210/15-16 വരെ , നവംമ്പർ 2015 | 10 | 10000 | | | 276മുതൽ 287 രെ |
| | 228/15-16മുതൽ 239/15-16 വരെ, ഡിസമ്പർ 2015 | 10 | 10000 | 6/15-16 /11.02.2016 | 159145/11.02.2015 | 288 മുതൽ 299വരെ |
| | 256/15-16മുതൽ 266/15-16 വരെ , ജനവരി 2016 | 12 | 12000 | 7/15-16 /26.02.2016 | 159654/29.02.2015 | 101 മുതൽ 111വരെ |
| | 283/15-16മുതൽ 294/15-16 വരെ, ഫെബ്രുവരി 2016 | 12 | 12000 | 8/15-16 /17.03.2016 | 160066/17.03.2015 | 113 മുതൽ 125വരെ |
| | 401/15-16മുതൽ 412/15-16 വരെ , മാർച്ച് 2016 | 12 | 12000 | 10/15-16 /17.03.2016 | | 310 മുതൽ 321വരെ |
| | ആകെ | | 128000 | | | |

ക്വട്ടേഷൻ ക്ഷണിക്കാത്തത് സംബന്ധിച്ചും, അവശ്യരേഖകൾ സൂക്ഷിക്കാത്തത് സംബന്ധിച്ചും വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 21.11.2016 ൽ ഓഡിറ്റ് എൻക്വയറി നം 17 നൽകി . ആയതിന് സമർപ്പിച്ച മറുപടിയിൽ ജനവരി 2017 മുതൽ ക്വട്ടേഷൻ ക്ഷണിച്ച് വാഹനം ഉപയോഗിക്കുന്നതാണെന്ന് അറിയിച്ചു . ക്വട്ടേഷനിലൂടെ വാഹനം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് .

## 3-9 പത്രപരസ്യം ഏജൻസി വഴി നൽകി , ഡിസ്കൗണ്ട് ലഭ്യമാക്കുന്നില്ല .

തദ്ദേസ സ്വയംഭരണ സ്ഥാപനങ്ങൾ പത്രപരസ്യം നൽകുമ്പോൾ പി & ആർ ഡി വകപ്പ് മുഖേന നൽകിയാലും, നേരിട്ട് നൽകിയാലും സർക്കാർ ഉത്തരവ് ജി ഒ (ആർ ടി 1 / 2011 / പി & എ ആർ ഡി 4 – 01-2011 പ്രകാരം 15% ഡിസ്കൗണ്ടിന് അർഹതയുണ്ട് . എന്നാൽ ഗ്രാമ പഞ്ചായത്ത് പരസ്യങ്ങൾ നൽകിയപ്പോൾ ചില പത്ര സ്ഥാപനങ്ങളിൽ നിന്ന് ഇപ്രകാരം ഡിസ്കൗണ്ട് നേടിയില്ല . ഒരു പത്ര സ്ഥാപനത്തിന് പരസ്യ ഏജൻസി വഴിയാണ് പരസ്യം നൽകിയിട്ടുള്ളത് . വിശദ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| പ്രൊജക്റ്റ് നം / പേര് | SOO18/16 |
| പത്രം | ഇൻഡ്യൻ എക്സ് പ്രസ്സ് |
| പരസ്യം / തിയതി | ടെണ്ടർ നോട്ടീസ് / 26.09.2015 |
| ഏജൻസിയുടെ പേര് | ജെ എം കമ്മ്യൂണിക്കേഷൻസ് |
| ബിൽ നം | 1779/26.09.2016 |
| തുക | 4492 |
| ഡി ഡി നം | 43245/05.12.2015 |

നൽകിയ തുകയിൽ 92.40 രൂപ സ്ഥാപനത്തിന്റെ സർവീസ് ചാർജ് ആണ് . കൂടാതെ പത്രസ്ഥാപനത്തിന്റെ ബിൽ ഫയലിൽ ഇല്ല. നേരിട്ട് പരസ്യം നൽകാമെന്നിരിക്കെ ഇത്തരത്തിലുള്ള ചെലവ് ഒഴിവാക്കേണ്ടതും, അർഹമായ ഡിസ്കൗണ്ട് ലഭിക്കുന്നതിന് നടപടിയും സ്വീകരിക്കേണ്ടതാണ് .

## 3-10 മീഡിയ ശ്രീ - ചെലവ് വിവരം ലഭ്യമല്ല

ഫയൽ നം - എ 6386 – 13

കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ " മീഡിയ ശ്രീ " പ്രൊജക്റ്റിന്റെ ഭാഗമായി ഡോക്യുമെന്ററി നിർമാണത്തിനു വേണ്ടി 65000 /- രൂപ കുടുംബശ്രീക്ക് നൽകി . പ്രൊജക്റ്റിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു .

പ്രൊജക്റ്റ് നം - S 132/16

പ്രൊജക്റ്റിന്റെ പേര്- മീഡിയ ശ്രീ

സർക്കാർ ഉത്തരവ് നം - സ ഉ ( സാധാ ) 3206/2014 ത സ്വ ഭ വ /05.12.2014

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അംഗീകാരം- DDP EKM / F – 16432/2014 / 21.04.2015

അടങ്കൽ – 65000 /- പ്ലാൻ ഫണ്ട്

ഡി ഡി നം - 158570/ 14.01.2016 , 65000 രൂപ (പ്ലാൻ ഫണ്ട് )

ഇത് സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു .

1. കുടുംബശ്രീ സ്റ്റേറ്റ് മിഷൻ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറുടെ 13.04.2015 ലെ KS/K/6260/2015 നം കത്ത് പ്രകാരം മീഡിയ ശ്രീ പ്രൊജക്ടിന്റെ ഭാഗമായി തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് 2 പേർ എന്ന പ്രകാരം 1896 പേർക്ക് പരിശീലനം നൽകിയതായും അതിലുൾപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് അതത് സ്ഥാപനങ്ങളുടെ ഡോക്യുമെന്ററി തയ്യാറാക്കുക എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വടവുകോട് - പുത്തൻകുരിശ് പഞ്ചായത്തിൽ ഇപ്രകാരം പരിശീലനം കിട്ടിയ കുടുബശ്രീ അംഗങ്ങളുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 21.11.2016 ന് നൽകിയ 18 -ാം നമ്പർ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ ഒരു കുടുംബശ്രീ അംഗത്തിനു പരിശീലനം ലഭിച്ചതായി അറിയിച്ചു. എന്നാൽ ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. 65000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയല്ല . ആയത് കുടുംബശ്രീയിൽ നിന്ന് വാങ്ങി ചെലവിന്റെ കൃത്യത ഉറപ്പു വരുത്തേണ്ടതാണ് .

## **3-11** <u>വെള്ളക്കരം ഇനത്തിൽ ഭീമമായ തുക പഞ്ചായത്തിൻ നിന്നും അനുവദിക്കുന്നു.</u>

പഞ്ചായത്തിൽ നിന്ന് 2015-16 സാമ്പത്തിക വർഷത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരയിനത്തിൽ 2268000/- (18900*12) രൂപയാണ് നല്കുന്നത്. ഇതുകൂടാതെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വെള്ളക്കരം വേറെയായും ഓരോ മാസവും നല്കുന്നു. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോരിറ്റി ഭീമമായ തുകയാണ്ചുമത്തുന്നതെന്ന് 22.07.2015 ലെ 36ാം നമ്പർ കമ്മറ്റി തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലെ കെമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ആവശ്യമായ വെള്ളം യഥാസമയം ലഭിക്കുന്നില്ലാ എന്ന് പരാതിയും പഞ്ചായത്തിന് ലഭിച്ചിട്ടുള്ളതാണ്. ആയതിനാൽ ഭീമമായ വെള്ളക്കരം അടയ്ക്കുകയും ആവശ്യമായ വെള്ളം ലഭിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയ്ക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കുവാൻ താത്പര്യപ്പെടുന്നു.

പഞ്ചായത്തിന്റെ കീഴിൽ വരുന്ന പൊതുടാപ്പുകളുടേയും, ഇലക്ട്രിക് പോസ്റ്റുകളുടേയും നമ്പർ മാപ്പിംഗ് പഞ്ചായത്തിൽ നിന്ന് നടത്തിയിട്ടുണ്ട്. പ്രസ്തുത മാപ്പിംഗിൽ ഉപയോഗശൂന്യമെന്ന് കണ്ടെത്തിയ പൊതുടാപ്പുകൾ എത്രയാണെന്നും അവയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നും അറിയിക്കണമെന്നാവശ്യപ്പെട്ട് 22.11.2016 ൽ 23 നമ്പർ ഓഡിറ്റ് എൻക്വയറി നൽകി . ആയതിന് നൽകിയ മറുപടിയിൽ കുടിവെള്ള ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണെന്ന് അറിയിച്ചു. നടപടികൾ സമയബന്ധിതമായി

കണ്ടെത്തി അനാവശ്യ ചെലവ് ഒഴിവാക്കേണ്ടതാണ് .

## 3-12 കൺവീനർ വർക്കുകളിൽ ചെലവ് രേഖകൾ സൂക്ഷിക്കുന്നില്ല.

കൺവീനർമാർ നടത്തിയ മരാമത്ത് വേലകളിൽ ചെലവ് രേഖകൾ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളിൽ ഉപയോഗിച്ച മെറ്റീരിയൽസിന്റെ വില മനസ്സിലാക്കുന്നതിന് ബില്ലുകൾ അത്യാവശ്യമാണെന്നിരിക്കെ, ഇവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ, ഉപയോഗിച്ച സാധനങ്ങളുടെ അളവ് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ബിറ്റുമിന്റേതടക്കം നിർമ്മാണ സാമഗ്രികളുടെ വിലയും അളവും ഫയലിൽ ലഭ്യമല്ല. ഫയലിൽ വിവരങ്ങളെല്ലാം ഉൾക്കൊള്ളിക്കുന്നതിനും, എം. ബുക്കിൽ ഉപയോഗിച്ച മെറ്റീരിയൽസിന്റെ അളവ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 2015-16 | ബ്ളോക്ക് പഞ്ചായത്ത് | 443038 | അങ്കണവാടി പോഷകാഹാരം | 310888 | 132150 |
| | | 119342 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം | 119342 | 00 |
| | ജില്ലാ പഞ്ചായത്ത് | 137500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം | 137500 | 00 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 2015-16 | KSEB | SO 133 | 639296 | 95000 | 93300 | 0 |
| | KSEB | SO 286 | 639201 | 35000 | 34365 | 0 |
| | KSEB | SO 296 | 639247 | 259000 | 259000 | 0 |
| | KSEB | SO 149 | 754728 | 32026 | 0 | 32026 |
| | KWA | SO 135 | 161083 | 60000 | 60000 | 60000 |
| | KWA | SO 325 | 46920 | 210000 | 0 | 210000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10595244 |
| തൻവർഷം നിക്ഷേപിച്ച തുക +<br>പലിശ | 30000000 +<br>987012 |
| ആകെ | 41582256 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 41582256 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ<br>വിവരം | തുക | രസീത്<br>നമ്പർ |
|---|---|---|
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, | 50,00,000 | 248313/25.10.16 |

| | | |
|---|---|---|
| പുത്തൻകുരിശ് | 50,00,000 | 248314/25.10.16 |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക്, ചൂണ്ടി | 3,90,000 | 197741/24.01.2016 |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ് | 3,00,00,000 | 1677131 to 677136/ 23.04.2015 |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ് - പലിശ | 1155204 | 3450067 |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക്, പുത്തൻകുരിശ് | 37052 | 159248 |
| ആകെ | | 7174214 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8956/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | Para 3-2, 3-3, 3-4 | 8956/- | Smt. Ambujam.A.P., Asst. Engineer | 1150210408/29.12.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-2001 | 3(a) | 2004-05 | 3.7.1.2.2(1) | വീടുള്ളവർക്ക് വീട് നൽകിയതിലെ തടസ്സം | റവന്യൂറിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തു |
| 2000-2001 | 3(b) | 2004-05 | 3.7.1.2.2(2) | റെജിമോൻ ചക്കരേടത്ത്, കരിമുകൾ - തടസ്സം | റവന്യൂറിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | 2015-16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 120118872 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 104813245 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 55490 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 75000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 489791 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 36000/- | | സെക്രട്ടറി |
| 2-2 | 7800/- | | സെക്രട്ടറി |
| 2-3(1) | 6000/- | | സെക്രട്ടറി |
| 2-3(2) | 3000/- | | സെക്രട്ടറി |
| 2-4 | 2690/- | | സെക്രട്ടറി |
| 3-1 | | 75000/- | അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 276391/- | സെക്രട്ടറി |
| 3-3 | 203400/- | അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 10000/- | വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

10800/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ.വി.ഷാജി, സെക്രട്ടറി | സെക്രട്ടറി, കുന്നുകര പഞ്ചായത്ത് | അരേശ്ശേരിൽ , ഇടപ്പിള്ളി |
| ഷാജിമോൻ കാവു, അസിസ്റ്റന്റ് സെക്രട്ടറി | അസി. സെക്രട്ടറി ഏഴിക്കര ഗ്രാമപഞ്ചായത്ത് | പഴമ്പിള്ളിൽ, മരട്.പി.ഒ. |
| എൻ.കെ.ഷാജു, വെറ്റിനറി സർജൻ | വെറ്ററിനറി സർജൻ, വടവ്കോട് പുത്തൻകുരിശ് പഞ്ചായത്ത് | നെല്ലിപ്പിള്ളികുഴിയിൽ വടയമ്പാടി.പി.ഒ. |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | | റിമാർക്സ് |
|---|---|---|---|
| 1992-93 | എൽ.എഫ്.ഇ.(പി6)274/95 | 31.07.1995 | |
| 1993-94 | എൽ.എഫ്.ഇ.(പി1)1111/96 | 26.12.1996 | |
| 1994-95 | | | |
| 1995-96 | എൽ.എഫ്.ഇ.(പി1)/98/99 | 07.07/1999 | |
| 1996-97 | | | |
| 1997-98 | എൽ.എഫ്.ഇ.(പി1)1040/98 | 02.07.1999 | |
| 1998-99 | എൽ.എഫ്.ഇ.(പി1)1352/2000 | 21.05.2001 | |

| | | | |
|---|---|---|---|
| 1999-2000 | എൽ.എഫ്.ഇ.(പി1)371/2001 | 05.11.2001 | |
| 2000-01 | എൽ.എഫ്.ഇ.(പി1)727/05 | 20.05.2006 | |
| 2001-02 | | | |
| 2002-03 | എൽ.എഫ്.ഇ.(പി1)97/07 | 16.10.2007 | |
| 2003-04 | എൽ.എഫ്.ഇ.(പി1)1014/08 | 08.07.2009 | |
| 2004-05 | എൽ.എഫ്.ഇ.(പി1)570/09 | 10.07.2009 | |
| 2005-06 | എൽ.എഫ്.ഇ.(പി1)585/10 | 29.10.2011/ 07.03.2012 | |
| 2006-07 | എൽ.എഫ്.ഇ.(പി1)588/10 | 25.10.2011 | |
| 2007-08 | എൽ.എഫ്.ഇ.(പി1)815/10 | 25.10.2008 | |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.ഇ.(പി1)1634/12 | 29.10.2012 | |
| 2011-12 | എൽ.എഫ്.ഇ.(പി1)12/2014 | 30.01.2014 | |
| 2012-13 | എൽ.എഫ്.ഇ(പി1)292 /2015 | 13.02.2015 | |
| 2013-14,2014-15 | എൽ.എഫ്.ഇ-ഇകെ.എം (പി1)233/16 | 12.2.2016 | |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇ.കെ.എം(പി1)2050/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 15.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ

അവലംബിച്ചും എറണാകുളം ജില്ലയിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## APPENDIX – I

## AUDIT CERTIFICATE – 2015-16

No.KSA-EKM(P1)2050/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 15.12.2016

Certified that I have audited the Annual Financial Statement of Vadavukode Puthenkruz Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Vadavukode Puthenkruz Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director